**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 523** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞങ്ങാട് വ്യവസായ പാർക്ക്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** കാഞ്ഞങ്ങാട് വ്യവസായ പാർക്കിന്റെ ചുറ്റുമതിൽ നിർമ്മാണം 85 ശതമാനം പൂർത്തിയായിട്ടുണ്ട്. അപ്രോച്ച് റോഡ് നിർമ്മാണത്തിന് ഫണ്ട് കാസറഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ഏൽപ്പിക്കുകയും ടെൻഡർ നടപടി പൂർത്തീകരിക്കുകയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത എസ്റ്റേറ്റിലെ സ്ഥലം നിരപ്പാക്കുന്ന പ്രവർത്തി KCCPL നെ ഏൽപ്പിക്കുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തു. പവർലൈൻ സ്ഥാപിച്ചിട്ടുണ്ട്. 32 സംരംഭങ്ങൾക്ക് 55.87 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. ആയതിൽ 14 യൂണിറ്റുകൾക്ക് ഏകദേശം 25 ഏക്കർ ഭൂമി അളന്നു നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ഉത്തരവുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**(സി)** വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 1) മടിക്കൈ പുതുക്കൈ വ്യവസായ പാർക്കിനായി റവന്യൂ വകുപ്പിൽ നിന്നും അനുവദിച്ച 82.82 ഏക്കർ ഭൂമിയിൽ ചുറ്റുമതിൽ നിർമ്മാണം 85% പൂർത്തിയായിട്ടുണ്ട്.

2) വ്യവസായ പാർക്കിൽ 33.26 കോടി രൂപയുടെ 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ച് വരുന്നു.

3) അപ്രോച്ച് റോഡ് നിർമ്മാണത്തിന് 273 ലക്ഷം രൂപ കാസറഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ അനുവദിക്കുകയും ആകെയുള്ള 570 മീറ്ററിൽ 385 മീറ്റർ റോഡ് പണി ആരംഭിക്കുകയും ചെയ്തു.

4) നിർമ്മാണ പ്രവർത്തികൾക്കായി 11KV വൈദ്യുതി ലൈനും ട്രാൻസ്ഫോർമറും സ്ഥാപിച്ചു.

5) വ്യവസായ പാർക്കിലെ ഭൂമി സംരംഭകർക്കായി അനുവദിച്ച് തുടങ്ങി.

**(ഡി)** വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാൻ ഉള്ളതെന്ന് വിശദമാക്കാമോ?

**മറുപടി:** 1) 110 KV Air Insulated Substation(AIS) നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്.

2) ആഭ്യന്തര റോഡ്, ഡ്രെയിനേജ്, ജല വിതരണ സംവിധാനം എന്നിവയുടെ നിർമ്മാണം ആരംഭിക്കേണ്ടതുണ്ട്.

3) സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം.

**സെക്ഷൻ ഓഫീസർ**

ലക്ഷ്മിത കൈ. 2.



"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

റവന്യൂ - കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിൽ 40/പി, 39/1 എന്നീ സർവ്വെ നമ്പരുകളിൽ പ്പെട്ട 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിൽ റീ.സ.432-ൽ പ്പെട്ട 91.03 ഭൂമിയുടെ . ഉൾപ്പെടെ 99.98 ഏക്കർ ഭൂമിയുടെ അഡ്വാൻസ് പൊസ്സഷൻ വ്യവസായ വാണിജ്യ വകുപ്പിന് നൽകുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എൽ) വകുപ്പ്

G.O.(Ms)No.467/2018/RD തീയതി,തിരുവനന്തപുരം, 15/12/2018

---

പരാമർശം:- 1

19/03/2018-ലെ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു.വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗനടപടിക്കുറിപ്പ്.

2

കാസർഗോഡ് ജില്ലാ കളക്ടറുടെ 28/05/2018-ലെ DCKSGD/70212/2017-സി1 നമ്പർ കത്ത്.

3

ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.06.2018 ലെ എൽ.ആർ.കെ2 - 17326/18 നമ്പർ കത്ത്

4.

വ്യവസായ വാണിജ്യ ഡയറക്ടറുടെ 03.11.2018-ലെ ഐ.ഡി6- 12873/17 നമ്പർ കത്ത്.

## ഉത്തരവ്

കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് മണ്ഡലത്തിൽ വ്യവസായപാർക്ക് ആരംഭിക്കുന്നതിനായി ആവശ്യമായ ഭൂമി വ്യവസായ വകുപ്പിന് ലഭ്യമാക്കേണ്ടതാണെന്ന പരാമർശം (1) യോഗ തീരുമാനത്തെ തുടർന്ന് ഭൂമി കൈമാറുന്നതിനായി ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിരുന്നു.

2) കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിലെ മടിക്കൈ വില്ലേജിൽ റീസർവ്വെ നം.432/1-ൽപ്പെട്ട 91.03 ഏക്കർ ഭൂമിയും പുതുക്കൈ വില്ലേജിൽ റീസർവ്വെ നം.40-ൽപ്പെട്ട 4.95 ഏക്കർ, 39/1എ യിൽപ്പെട്ട 4.00 ഏക്കർ, എന്നിങ്ങനെ 99.98 ഏക്കർ ഭൂമിയാണ് വ്യവസായ വകുപ്പിന് കൈമാറുവാനായി കണ്ടെത്തിയിട്ടുള്ളത്. പ്രസ്തുത മടിക്കൈ വില്ലേജിലെ സ്ഥലങ്ങൾ റവന്യൂ രേഖകളിൽ സർക്കാർ പുറമ്പോക്കിൽ ഉൾപ്പെട്ട സ്ഥലമാണെന്നും (പാറ പ്രദേശം) കയ്യേറ്റ മുക്തമാണെന്നും പുതുക്കൈ വില്ലേജിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ വില പിടിപ്പുള്ള വൃക്ഷങ്ങളോ, നിർമ്മിതികളോ ഇല്ല എന്നും മടിക്കൈ വില്ലേജിലെ റിസർവ്വെ നം. 432/1ൽ സ്ഥലത്തിന് ആറൊന്നിന് 4000/- രൂപ നിരക്കിൽ 91.03 ഏക്കർ ഭൂമിയ്ക്ക് 1,47,36,680/- (ഒരു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി മുപ്പത്തിയാറായിരിത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) വില നിശ്ചയിക്കാവുന്നതാണ് എന്നും പുതുക്കൈ വില്ലേജിലെ റീസർവ്വെ 40/Pt, 39/1A എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട സ്ഥലത്തിന് ആറൊന്നിന് 25088/- രൂപ നിരക്കിൽ 90,81,856/- (തൊണ്ണൂറ് ലക്ഷത്തി എൺപത്തൊന്നായിരത്തി എണ്ണൂറ്റി അൻപത്തിയാറ് രൂപ മാത്രം) വില നിശ്ചയിക്കാവുന്നതാണ് എന്നും മടിക്കൈ വില്ലേജ് പഞ്ചായത്ത് പരിധിയിലും

പുതുക്കൈ വില്ലേജ് കാഞ്ഞങ്ങാട് മുൻസിപ്പൽ പരിധിയിലും ഉൾപ്പെട്ടു വരുന്നു എന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) പ്രസ്തുത സ്ഥലം വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ വ്യവസായ വകുപ്പ് നേരിട്ട് ഏറ്റെടുക്കുന്നതാണെന്നും അർത്ഥനാധികാരി വ്യവസായ വാണിജ്യ ഡയറക്ടറായിരിക്കുമെന്നും സർക്കാരിന്റെ പരിഗണനയിലുള്ള ലീസ് റൂളിന്റെ അംഗീകാരത്തിന് വിധേയമായിട്ടും ലാൻഡ് അലോട്ട്മെന്റ് റൂളുകൾ പ്രകാരവുമായിരിക്കും സ്ഥലം അനുവദിക്കുന്നത് എന്നും വ്യവസായ വാണിജ്യ ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചിട്ടുണ്ട്.

4 ) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂമി കൈമാറുന്നതിനുള്ള നിയമാനുസൃതമായ നടപടികൾ പൂർത്തിയാക്കുന്നതിൽ വരുന്ന കാലതാമസം കണക്കിലെടുത്ത് കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ വില്ലേജിൽ 40/പി, 39/1 എന്നീ സർവ്വെ നമ്പരുകളിൽപ്പെട്ട 8.95 ഏക്കർ ഭൂമിയും മടിക്കൈ വില്ലേജിൽ റീ.സ.432-ൽ പ്പെട്ട 91.03 ഭൂമിയുടെ ഉൾപ്പെടെ 99.98 ഏക്കർ ഭൂമിയുടെ അഡ്വാൻസ് പൊസ്സഷൻ വ്യവസായ വാണിജ്യ വകുപ്പിന് നൽകുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5.ഇക്കാര്യത്തിലുള്ള ഭൂമി കൈമാറ്റ നടപടികൾ പൂർത്തിയാക്കിയ ശേഷം വിശദമായ ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
P H KURIAN
ADDITIONAL CHIEF SECRETARY

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം

വ്യവസായവാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, കാസർഗോഡ്

File No.REV-L4/141/2018-REV-Part(1)

തഹസിൽദാർ, ഹോസ്ദുർഗ്ഗ് താലൂക്ക്

ധനകാര്യ വകുപ്പ്

വ്യവസായ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - പുതിയ ബഹുനില വ്യവസായ സമുച്ചയ നിർമ്മാണം - വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കൽ - കൺസൽട്ടൻസി ചാർജ്ജ് അനുവദിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1219/2025/ID തീയതി, തിരുവനന്തപുരം, 18-09-2025

---

പരാമർശം :- 1. സ.ഉ.(സാധാ) നമ്പർ 1239/2022/ഐ.ഡി തീയതി 22/11/2022.

2. വ്യവസായ വാണിജ്യ ഡയറക്ടറുടെ 31/08/2024 , 10/01/2025, 30/06/2025, 08/09/2025 എന്നീ തീയതികളിലെ DIC/4284/2022-ID1 നമ്പർ കത്തുകൾ.

**ഉത്തരവ്**

വ്യവസായ വാണിജ്യ ഡയറക്ടറുടെ ഉടമസ്ഥതയിൽ കൊല്ലം, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പുതിയ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് പരാമർ ശം (1) പ്രകാരം 2022-23-ൽ 4851-00-101-90 എന്ന ശീർഷകത്തിൽ 2 0 0 / - ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു.

2. കാസർഗോഡ് ജില്ലയിലെ മടിക്കൈ, കൊല്ലം ജില്ലയിലെ ചാത്തന്നൂർ, കൊട്ടാരക്കര, കണ്ണൂർ ജില്ലയിലെ മാതിൽ എന്നീ നാലു വ്യവസായ ശാലകൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകിയതിനുള്ള കൺസൽട്ടൻസി ചാർജ്ജായി, നടപ്പു സാമ്പത്തിക വർഷത്തിൽ 4851-00-101-90 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് 73,14,141/- രൂപ അനുവദിച്ചു നൽകുന്നതിനുള്ള അനുമതിയ്ക്കായി പരാമർശം (2) പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ മടിക്കൈ, കൊല്ലം ജില്ലയിലെ ചാത്തന്നൂർ, കൊട്ടാരക്കര, കണ്ണൂർ ജില്ലയിലെ മാതിൽ എന്നീ നാലു വ്യവസായ ശാലകൾക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയാറാക്കി നൽകിയതിനുള്ള കൺസൽട്ടൻസി ചാർജ്ജായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് **4851-00-101-90** എന്ന ശീർഷകത്തിൽ നിന്നും 73,14,141/- (എഴുപത്തിമൂന്ന് ലക്ഷത്തി പതിനാലായിരത്തി നൂറ്റി നാൽപ്പത്തിയൊന്ന്) രൂപ മാത്രം അനുവദിച്ചു നൽകുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു. കൺസൾട്ടൻസി ചാർജ്ജായി ഏജൻസിയ്ക്ക് അനുവദിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി.

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം.
ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, കാസർഗോഡ്, കണ്ണൂർ, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് I/ആഡിറ്റ് II)-കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫിസർ, തിരുവനന്തപുരം.
ധനവകുപ്പ് (E 2915044/Ind&PW-A3/85/2024-Fin, dated 15/04/2025 നമ്പർ കുറിപ്പ് പ്രകാരം).
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

Signed by
Sherin B Das
Date: 19-09-2025 10:30:02

സെക്ഷൻ ഓഫീസർ.